## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3758

17.12.2015 ൽ മറുപടിയ്ക്ക്

### ചടയമംഗലത്തെ ക്രൈം നമ്പർ: 1843/2015 കേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) ചടയമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ: 1843/2015 ന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന വ്യക്തമാക്കുമോ; | (എ) സി.പി.ഐ യുടെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് മെമ്പറും ചടയമംഗലം മുൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. മുസ്തഫ, എ.എം. ഹൗസ്, പോരേടം എന്ന ആളുടെ വീട്ടുമുറ്റത്ത് ആരോ കുറ്റകരമായി പ്രവേശിച്ച് വീടിന്റെ മുൻവശമുള്ള ജനലിന്റെ മദ്ധ്യ ഭാഗത്തുള്ള മൂന്ന് ഗ്ലാസ്സുകൾ പാറക്കല്ലുകൊണ്ട് ഇടിച്ച് പൊട്ടിച്ച് 4000/- രൂപയുടെ നഷ്ടം ഉണ്ടായതായി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1843/2015 u/s 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ഇതുവരെ ടി കേസിലെ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. |
| (ബി) കുറ്റവാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത അന്വേഷണം ഊർജ്ജിത പ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ബി) & (സി) ഫിംഗർ പ്രിന്റ് ബ്യൂറോ, ഡോഗ് സ്ക്വാഡ്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ടി കേസിലെ കുറ്റവാളികളെ കണ്ടെത്തുന്നതിന് വേണ്ടി ഊർജിതമായ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ